**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല**

പ്രവചന കാലയളവ് 09.11.2024 മുതൽ 13.11.2024 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| **എ എ എസ് ബുള്ളറ്റിൻ നമ്പർ 45/2024, (90) വെള്ളിയാഴ്ച്ച** | **തീയ്യതി 08/11/2024** |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 നവംബർ 02 മുതൽ നവംബർ 08 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 നവംബർ 09 മുതൽ നവംബർ 13 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 02/11 | 03/11 | 04/11 | 05/11 | 06/11 | 07/11 | 08/11 | തീയ്യതി | | 09/11 | 10/11 | 11/11 | 12/11 | 13/11 |
| 0.0 | 7.7 | 0.0 | 0.7 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 5 | 0.5 | 0.1 | 0.2 | 0.1 |
| 33.1 | 33.9 | 33.5 | 33.5 | 33.3 | 33.5 | 34.0 | ഉയർന്ന താപനില (°C) | | 34 | 34 | 34 | 34 | 34 |
| 24.7 | 23.4 | 24.0 | 23.7 | 23.7 | 24.5 | 25.0 | കുറഞ്ഞ താപനില (°C) | | 26 | 25 | 25 | 25 | 25 |
| Partly cloudy | Partly cloudy | Partly cloudy | Cloudy | Partly cloudy | Partly cloudy | Cloudy | AM | മേഘ വ്യാപ്തി (ഒക്ടാ) | Overcast | Cloudy | Partly cloudy | Partly cloudy | Partly cloudy |
| Overcast | Partly cloudy | Cloudy | Partly cloudy | Cloudy | Cloudy | | PM | | | | | | |
| 97 | 85 | 88 | 92 | 93 | 92 | 87 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 88 | 88 | 88 | 88 | 88 |
| 69 | 60 | 62 | 53 | 64 | 55 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 74 | 74 | 74 | 74 | 74 |
| 1.2 | 3.1 | 2.2 | 1.9 | 2.1 | 1.5 | 1.7 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 2 | 2 | 2 | 2 |
| C | ESE | C | NNE | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | WSW | SW | WNW | NW | W |
| WSW | WSW | NNE | NNE | C | ENE | | PM | | | | | | |
| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | | | | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | | 01/10/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | | | | |
| 8.4 | | | | 3043.2 | | | | | 288.6 | | | | |

കാലാവസ്ഥാ അറിയിപ്പ്:- IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

**വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)**

പൊതുനിർദേശങ്ങൾ: കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മഴ കുറഞ്ഞു വരുന്നതിനാൽ മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) ഞാറുപരുവം | ഓലച്ചുരുട്ടിപ്പുഴു | നെല്ലിൽ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി.സി. ട്രൈക്കോഗ്രമ്മ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പല ഭാഗത്ത് ഓലയുടെ അടി ഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മില്ലി ക്ലോറാൻട്രാനിലിപ്രോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| പയർ | കായ് തുരപ്പൻ | പയറിൽ കായ് തുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി വേപ്പിൻ കുരു സത്ത് 50 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കാവുന്നതാണ്. അല്ലെങ്കിൽ ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ തളിച്ച് കൊടുക്കുക. |
| പടവലം | മൃദുരോമപൂപ്പ് | അന്തരീക്ഷ ആർദ്രത കൂടിവരുമ്പോൾ പടവലത്തിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി രണ്ടര ഗ്രാം മാങ്കോസെബ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലയുടെ അടിയിൽ പതിയത്തക്കവിധത്തിൽ കലക്കി തളിക്കുക. |
| വെള്ളരിവർഗ്ഗ പച്ചക്കറികൾ | കായീച്ച | വെള്ളരിവർഗ്ഗപച്ചക്കറികളിൽ കായീച്ചയുടെ ആക്രമണം നിയന്ത്രിക്കാനായി കേട്ട വന്ന കായകൾ പറിച്ച് നീക്കം ചെയ്ത് നശിപ്പിക്കുക. പച്ചക്കറികളിലെ കായീച്ചകളെ നിയന്ത്രിക്കാനുള്ള പ്രത്യേകമായ ഫിറമോൺ കെണിയായ ക്യൂലൂർ 6 എണ്ണം ഒരു ഏക്കറിന് അല്ലെങ്കിൽ പാളയങ്കോടൻ പഴക്കെണികൾ ഉപയോഗിക്കുക. എന്നിട്ടും കുറവില്ലെങ്കിൽ 2 മില്ലി സയാൻട്രാനിലിപ്രോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |

മൃഗസംരക്ഷണം-: എലിപ്പനിക്കും ബാഹ്യപരാദങ്ങൾക്കും എതിരെ ജാഗ്രത പുലർത്തുക. കാലിത്തീറ്റയിൽ പൂപ്പൽ വിഷബാധ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. (CAADECCS KVASU, Mannuthy)